പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 989

30/06/2015-ലെ
മറുപടിയ്ക്ക്

## പട്ടികജാതിക്കാരായ സ്വയം തൊഴിൽ സംരംഭകർക്ക് ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ. കെ.എൻ.എ. ഖാദർ | | ഉത്തരം<br>ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | പട്ടികജാതി സ്വയം തൊഴിൽ സംരംഭകർക്ക് കോഴി വളർത്തലിനായി പട്ടികജാതി സ്വയം സഹായ സംഘങ്ങൾ വഴി കെപ്കോയ്ക്ക് അനുവദിച്ച തുക നാളിതുവരെ സംരംഭകർക്ക് വിതരണം ചെയ്തിട്ടില്ലെന്ന വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ: എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലെ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ: | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്:<br>കോഴി വളർത്തൽ പദ്ധതിപ്രകാരം 90 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2011-ൽ 2,80,08,000/- രൂപ, അനുവദിച്ച് നൽകിയെങ്കിലും ലേബർ ചാർജ്ജ്, മെറ്റീരിയൽ ചാർജ്ജ് എന്നിവയിലുണ്ടായ വർദ്ധനവ് കാരണം പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയില്ലെന്നും അതുകൊണ്ട് പദ്ധതി പുനരാവിഷ്ക്കരിക്കണമെന്ന് കെപ്കോ ആവശ്യപ്പെട്ട പ്രകാരം കെപ്കോയ്ക്ക് അനുവദിച്ച തുകയും ആയതിന്റെ പലിശയും കൂടി ഉൾപ്പെടുത്തി പുതുക്കിയ പ്രോജക്ട് പ്രൊപ്പോസൽ കെപ്കോ സമർപ്പിച്ചത് വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കുകയും G.O(Rt)218/15/SCSTDD dt.09/02/15 പ്രകാരം പുതുക്കിയ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡം പരിഷ്ക്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | ഇല്ല. |
| (സി) | എങ്കിൽ ആയത് പരിഷ്ക്കരിച്ച് തീരുമാനം എടുത്തിട്ടുണ്ടോയെന്നും ഗുണഭോക്താക്കളെകണ്ടെത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ; | ബാധകമല്ല. |

| | | |
|---|---|---|
| (ബി) | ഇല്ലെങ്കിൽ പട്ടികജാതിക്കാരായ സ്വയം തൊഴിൽസംരംഭകർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസങ്ങൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കുമോ? | പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിന് കെപ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ